കേരള കൗമുദി
SINCE 1911
Kollam
08 May 2025

# സി ക്യാമ്പ് എ.എം.ആർ ചലഞ്ചിൽ വിജയികളായി അമൃത വിശ്വവിദ്യാപീഠം

കൊല്ലം: സി ക്യാമ്പ് ആന്റി മൈക്രോബയൽ റെസിസ്റ്റൻസ് ചലഞ്ചിൽ അമൃത വിശ്വവിദ്യാപീഠത്തിനെ വിജയികളായി തിരഞ്ഞെടുത്തു. അമൃത വിശ്വവിദ്യാപീഠം അമൃതപുരി ക്യാമ്പസിലെ അമൃത സ്കൂൾ ഒഫ് ബയോടെക്നോളജിയാണ് സെന്റർ ഫോർ സെല്ലുലാർ ആൻഡ് മോളിക്യുലാർ പ്ലാറ്റ്ഫോംസ് (സി ക്യാമ്പ്) ഗ്ലോബൽ എ.എം.ആർ ഇന്നവേഷൻ ഫണ്ടുമായി സഹകരിച്ച് സംഘടിപ്പിച്ച ഈ വർഷത്തെ ആന്റി മൈക്രോബയൽ റെസിസ്റ്റൻസ് ചലഞ്ചിൽ വിജയികളായത്. എ.എം.ആർ നിരീക്ഷണത്തിന് അമൃത വിശ്വവിദ്യാപീഠം കോയമ്പത്തൂർ ക്യാമ്പസിലെ സ്കൂൾ



ഡോ. ബിപിൻ നായർ

ഒഫ് ഫിസിക്കൽ സയൻസസുമായി ചേർന്ന് അമൃത സ്കൂൾ ഒഫ് ബയോടെക്നോളജിയിലെ ഡോ. ബിപിൻ നായരും സംഘവും വികസിപ്പിച്ചെടുത്ത പോയിന്റ് ഒഫ് ടെസ്റ്റിംഗ് എന്ന ഉപകരണത്തിനാണ് പുരസ്കാരം. മൈക്രോഫ്ലൂയിഡിക് സാങ്കേതികവിദ്യ ലൈറ്റിക് ഫേജ് ഡിറ്റെക്ഷനുമായി സംയോജിപ്പിച്ച് നിർമ്മിച്ചിരിക്കുന്ന ഉപകരണം രോഗകാരികളെ കുറഞ്ഞ ചെലവിൽ വേഗത്തിലും കൃത്യമായും തിരിച്ചറിയാനാണ് ഉപയോഗിക്കുന്നത്. ആഗോളതലത്തിൽ മത്സരിച്ച ഇരുന്നൂറിലധികം സ്ഥാപനങ്ങളെ പിന്നിലാക്കിയാണ് അമൃത സ്കൂൾ ഒഫ് ബയോടെക്നോളജി ഈ വർഷത്തെ എ.എം.ആർ ചലഞ്ചിൽ വിജയികളായത്. അംഗീകാരം പ്രചോദനമാണെന്ന് അമൃത സ്കൂൾ ഒഫ് ബയോടെക്നോളജി ഡീൻ ഡോ. ബിപിൻ നായർ പറഞ്ഞു.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Kollam